e- mail - gssbsukc@yahoo.co.in

Phone: 0471-2192810
0471-2961914

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര012 695 – തിരുവനന്തപുരം ,

സർക്കുലർ നമ്പർ 27/22

തീയതി: 01.05.2022

## മെയ് ദിന ആശംസകൾ ...

അവകാശ സ്മരണകളുടെ ഓർമ പുതുക്കി ഒരു തൊഴിലാളി ദിനം കൂടി. ചരിത്രത്തെ മാറ്റിത്തിരുത്തുകയും, പുനർനിർവചിക്കുകയും ചെയ്ത അനവധി പോരാട്ടങ്ങളിലൂടെയാണ് ലോക തൊഴിലാളി വർഗം ഉയർത്തെഴുന്നേറ്റത്.

135 വർഷം മുമ്പ്, 1886 മെയ് 4 നാണ് അമേരിക്കയിൽ ചിക്കാഗോയിലെ ഹേ മാർക്കറ്റിൽ സമാധാനപരമായി സമരം നടത്തുകയായിരുന്ന തൊഴിലാളികളെ ഭരണകൂടം കൂട്ടക്കൊല ചെയ്തത്. ജോലി സമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്തുക എന്ന തൊഴിലെടുക്കുന്നവരുടെ അടിസ്ഥാന ആവശ്യത്തിന് വേണ്ടിയുള്ള ഐതിഹാസിക പോരാട്ടത്തിന്റെ ധീരസ്മരണയിലാണ് മെയ് 1 മെയ് ദിനമായി ആചരിക്കപ്പെട്ടു തുടങ്ങിയത്.

മെയ് ദിനം വെറും ഒരോർമ്മ മാത്രമല്ല, ഇന്നും ലോകത്തിന്റെ വ്യത്യസ്ത കോണുകളിൽ, പല തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന തൊഴിലാളി വർഗ സമരങ്ങളുടെ അകക്കാമ്പുകളിൽ നീറുന്ന കനലാണത്. മൂലധനം ആഗോളമായി വളരുകയും, മൂലധന ഉടമകൾ സഹസ്രകോടീശ്വരന്മാരായി മാറുകയും ചെയ്യുന്ന ഇക്കാലത്തും, അദ്ധ്വാനിക്കുന്ന തൊഴിലാളിയുടെ ജോലി സമയം 12ഉം 14ഉം മണിക്കൂറായി കൂട്ടുകയും അവന്റെ കൂലി ഒരു നേരത്തെ ഭക്ഷണത്തിന് പോലും തികയാതാവുകയും ചെയ്യുന്നു. അന്തസ്സുള്ള ജീവിതം അദ്ധ്വാനിക്കുന്നവന് ഇന്നും കിട്ടാക്കനിയായി തുടരുന്നു.

ഭരണകൂടങ്ങൾ കോർപറേറ്റുകളുടെ കൈയിലെ പാവകളായിരിക്കുന്നു. ഇന്ത്യൻ ഭരണകൂടം അതിന്റെ പ്രത്യക്ഷോദാഹരണമായി നമ്മുടെ മുന്നിലുണ്ട്. ദശകങ്ങൾ നീണ്ട പോരാട്ടങ്ങളിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ, പാർലമെന്റിനെപ്പോലും നോക്കുകുത്തിയാക്കിക്കൊണ്ട് തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത്, കവർന്നെടുക്കുകയാണ്.

ബാങ്ക് സ്വകാര്യവൽക്കരണം, LIC അടക്കമുള്ള പൊതുമേഖലാ ആസ്തികളുടെ വിൽപന തുടങ്ങിയവയൊക്കെ നടപ്പാക്കുന്നത് പൂർണമായും ജനാധിപത്യ വിരുദ്ധമായാണെന്നത് നമ്മുടെ തന്നെ അനുഭവമാണല്ലോ.

തൊഴിലാളികൾ അന്ന് അവകാശങ്ങൾക്ക് വേണ്ടിയാണ് സമരം ചെയ്തതെങ്കിൽ ഇന്ന് തൊഴിൽ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് സമരം ചെയ്യുന്നത്. ആഗോളവത്കരണം തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും പുതിയ തൊഴിൽ അവസരങ്ങൾക്കും ഭീഷണിയായി മാറുന്നു. ക്യാപിറ്റലിസം ക്രോണി ക്യാപിറ്റലിസത്തിന് വഴി മാറുന്നു.

ചിക്കാഗോയിലെ തൊഴിലാളികൾ തങ്ങളുടെ ജീവൻ നൽകി അവകാശം നേടിയതു പോലെ രാഷ്ട്രീയ അഭിപ്രായങ്ങൾ മറന്ന് പ്രവർത്തിക്കാൻ നമ്മുക്ക് പ്രതിജ്ഞ ചെയ്യാം. ക്രോണി ക്യാപിറ്റലിസത്തിന്റെ കടന്ന കയറ്റത്തിനെതിരെ ശക്തമായി പ്രതിരോധിക്കാനും തൊഴിലാളികളുടെ അവകാശം നിലനിർത്തുന്നതിനുള്ള സമരത്തിൽ ധർമ്മ സന്ദേശവും ധീര രക്തസാക്ഷികളുടെ സ്മരണയും നമ്മുക്ക് വഴി വിളക്കാകട്ടെ.

മുന്നോട്ടിനിയും മുന്നോട്ട് ....
സഖാക്കളേ നാം മുന്നോട്ട്

അഭിവാദ്യങ്ങളോടെ

Philip

(ഫിലിപ്പ് കോശി)
ജനറൽ സെക്രട്ടറി